# സൈബര് വിഷയങ്ങളില് ഇന്ത്യ- ഈജിപ്ത്പ്ര പ്രഥമ ചര്ച്ച ന്യൂഡെല്ഹിയില് നടന്നു (ഡിസംബര് 20-22, 2016)

ഡിസംബര് 22, 2016

സൈബര് വിഷയങ്ങളില് ഇന്ത്യ- ഈജിപ്ത് ഗവൺമെന്റുകള് തമ്മില് ഉള്ള ആദ്യ ചർച്ച , ഡിസംബര് 20-22, 2016 ന്യൂഡെൽഹിയില് നടന്നു . ഇന്ത്യന് പ്രതിനിധി സംഘത്തെ ദേശീയ സൈബര് സുരക്ഷാ കോർഡിനേറ്റര് , ഡോ. ഗുൽഷന് റായ് നയിച്ചു. ഈജിപ്തിലെ പ്രതിനിധി സംഘത്തെ അംബാസഡറും ബഹുമുഖ ബന്ധം- അന്താരാഷ്ട്ര സുരക്ഷ, അസിസ്റ്റന്റ് വിദേശകാര്യ മന്ത്രിയുമായ ഹിഷാം ബദര് നയിച്ചു. ഇന്ത്യയുടെയും ഈജിപ്തിലെയും ദേശീയ സുരക്ഷാ ഉപദേഷ്ടാക്കള് ഡിസംബര് 2015 ല് ന്യൂഡെൽഹിയില് നടത്തിയ ഉന്നത തല ചർച്ചയെ പിന്തുടർന്നാണ് ഈ ചർച്ചകള് , അന്നത്തെ ചർച്ചയില് , ഇരു രാജ്യങ്ങളും സൈബര് സുരക്ഷാ മേഖലയിലെ ഉഭയകക്ഷി സഹകരണം വർദ്ധിപ്പിക്കുവാന് തീരുമാനിച്ചിരുന്നു

സൈബര് ഭീഷണിയുടെ സാഹചര്യത്തിന്റെ വിശാലമായ കാഴചപ്പാട് ഉൾപ്പെടെ , നയങ്ങള്, ബഹുമുഖ വേദികളിലെ കാഴ്ചപ്പാടുകള് പങ്ക് വയ്ക്കല്, സൈബര് സംഭവങ്ങള് കൈകാര്യം ചെയ്യുന്നതിലെ പ്രായോഗിക പരിശീലനം ഉൾപ്പെടെയുള്ള കാര്യശേഷി നിർമാണം , തുടങ്ങി വളരെ വിശാലമായ തലത്തിലുള്ള പ്രശ്നങ്ങള് ചർച്ച ചെയ്യപ്പെട്ടു . ദക്ഷിണ-ദക്ഷിണ സഹകരണത്തിന്റെ ഭാഗമായി സൈബര് പ്രൊഫഷണലുകളെ പരിശീലിപ്പിക്കുവാന് ഒരുമിച്ച് പ്രവർത്തിക്കുന്നതിലെ സാധ്യത ഈജിപ്തും ഇന്ത്യയും കൂടുതല് പരിശോധിക്കുകയുണ്ടായി . നയങ്ങള്, സാങ്കേതിക തലങ്ങള് എന്നിവയില് സഹകരണത്തിനുള്ള പ്രവർത്തന ആശയങ്ങള് നടപ്പാക്കുവാന് സഹകരണത്തിനുള്ള പോയിന്റ്സ് ഓഫ് കോണ്ടാക്ട് (points of contact (POC) ഇരു ഭാഗവും തീരുമാനിച്ചു

ന്യൂഡെൽഹി
ഡിസംബര് 22, 2016